## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1327** **15.6.2012-ൽ മറുപടിക്ക്**

**ഖരമാലിന്യ സംസ്കരണം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

എ) മുനിസിപ്പാലിറ്റിയിലെയും കോർപ്പറേഷനിലെയും ഖരമാലിന്യസംസ്ക്കരണം നിലച്ചത് പകർച്ചവ്യാധികൾക്കും രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

എ) സംസ്ഥാനത്തെ നഗരങ്ങളിൽ രൂക്ഷമായി കൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അനവധി ഉറവിട മാലിന്യ സംസ്ക്കരണ നടപടികളാണ് സർക്കാർ നടപ്പാക്കി വരുന്നത്. വീടുകളിൽ സംസ്ക്കരണ സംവിധാനമുാക്കുന്നതിന് 75% സബ്സിഡി നൽകി വരുന്നു. ആയത് 2012-13 -ൽ കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 90 ശതമനമായി ഉയർത്തിയിട്ടുണ്ട്. നഗരസഭകളിൽ നിലവിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ വിപുലീകരിക്കുന്നതിനും ആവശ്യമായ അനുബന്ധ ഘടകങ്ങൾ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് പരിശീലനം നൽകുകയും അവർ തയ്യാറാക്കി നൽകുന്ന പദ്ധതികൾക്ക് അംഗീകാരവും 100% സാമ്പത്തിക സഹായവും നൽകി വരുന്നു. കോർപ്പ

റേഷനുകളിൽ മലിനീകരണവും ദുർഗന്ധവും പരിസ്ഥിതി പ്രശ്നങ്ങളും ഇല്ലാതാക്കുന്നതിനുള്ള നവീന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താനും മോഡൽ പ്ലാന്റ് തിരുവനന്തപുരം നഗരത്തിൽ സ്ഥാപിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഇതിനായി എന്തെങ്കിലും മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | ബി) | ഇതിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് ശുചിത്വ മിഷന്റെ 2012-13 വർഷത്തെ വാർഷിക പദ്ധതിയായി അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം നഗരസഭകൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾക്ക് അംഗീകാരവും സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകുന്നു. പ്രത്യേക മാസ്റ്റർ പ്ലാൻ ഇതിനായി തയ്യാറാക്കിയിട്ടില്ല. |
| സി) | കാലതാമസം ഒഴിവാക്കി ഈ പ്രശ്നം സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | സി) | സമയബന്ധിതമായി ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനാണ് നടപടി കൈക്കൊണ്ടിട്ടുള്ളത്. 245 കോടി രൂപ 2012-13 സാമ്പത്തിക വർഷം ഇതിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ